## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 244 — 5.3.2012-ൽ മറുപടിക്ക്.

## കണ്ണൂർ വിമാനത്താവള നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി ആകെ എത്ര സ്ഥലം ഏറ്റെടുക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കണ്ണൂർ വിമാനത്താവളത്തിനും KSEB സബ്സ്റ്റേഷനും വീട് നഷ്ടപ്പെടുന്നവരുടെ പുനരധിവാസത്തിനുമുൾപ്പെടെ 2200 ഏക്കർ ഭൂമി ഏറ്റെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഇതിനോടകം എത്ര സ്ഥലം വിമാനത്താവളനിർമ്മാണത്തിനുവേണ്ടി ഏറ്റെടുത്തുക്കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | ആദ്യഘട്ടത്തിൽ ഏറ്റെടുത്ത 192.18 ഏക്കർ ഭൂമി ഉൾപ്പെടെ മൊത്തം 1277.78 ഏക്കർ ഭൂമിയാണ് ഇതിനോടകം ഏറ്റെടുത്തിട്ടുള്ളത്. |
| (സി) | ഇനിയും എത്ര സ്ഥലം ഏറ്റെടുക്കുവാനുണ്ടെന്നും സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏതു ഘട്ടത്തിലാണെന്നും വിശദീകരിക്കുമോ? | (സി) | മൂന്നാം ഘട്ടമായി ഏറ്റെടുക്കാനുള്ള 783 ഏക്കർ ഭൂമിയുടെ അക്വിസിഷൻ നപടികൾ പുരോഗമിച്ചു വരുകയാണ്. അതിൽ 31 എൽ.എ. ബ്ളോക്കുകളിലായി സ്ഥിതി ചെയ്യുന്ന 656 ഏക്കർ ഭൂമിയെ സംബന്ധിച്ചിടത്തോളം കണ്ണൂർ ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല വില നിർണ്ണയ സമിതി ഭൂമിയുടെ വില നിശ്ചയം നടത്തി സംസ്ഥാന സമിതിയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (ഡി) | ഏറ്റെടുത്തതിൽ എത്ര സ്ഥലം കിയാലിനു കൈമാറിക്കഴിഞ്ഞുവെന്നും തുടർനടപടികൾ എന്താണെന്നും വ്യക്തമാക്കുമോ; | (ഡി) | ആദ്യഘട്ടത്തിൽ ഏറ്റെടുത്ത 192.18 ഏക്കർ ഭൂമി ഇതിനകം കൈമാറി. രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത ഭൂമിയിൽ നിന്ന് 453 ഏക്കർ ഭൂമി കിയാലിന് കൈമാറുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഭൂമി കിയാലിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടി അനൗപചാരികമായി കിയാലിന് കൈവശം നൽകിയിട്ടുണ്ട്. |
| (ഇ) | കണ്ണൂർ വിമാനത്താവളത്തിന്റെ പ്രാഥമികരൂപരേഖ, സാങ്കേതിക സാമ്പത്തിക റിപ്പോർട്ട്, വിശദമായ പദ്ധതി റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് ഏത് ഏജൻസി യെയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഇ) | കണ്ണൂർ വിമാനത്താവളത്തിന്റെ സാങ്കേതിക, സാമ്പത്തിക, സാധ്യതാ റിപ്പോർട്ട് 2005 -ൽ ഇ.എം.എ യൂനിഹോൺ പ്രൈവറ്റ് ലിമിറ്റഡ് ഏജൻസി മുഖാന്തിരം കിൻഫ്ര തയ്യാറാക്കിച്ചിരുന്നു. വിശദമായ പദ്ധതി റിപ്പോർട്ടിനും ബാക്കിയുള്ള കൺസൾട്ടൻസി റിപ്പോർട്ടിനും കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെ (സിയാൽ) ഡിസംബർ 2011 - ൽ നിയോഗിച്ചിട്ടുണ്ട്. |
| (എഫ്) | ഇവ ഓരോന്നും സമർപ്പിക്കുന്നതിനും ഇവയെ സംബന്ധിച്ച് അന്തിമതീരുമാന മെടുക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എഫ്) | ഇ.എം.എ യൂനിഹോൺ പ്രൈവറ്റ് ലിമിറ്റഡ് നൽകിയ സാങ്കേതിക , സാമ്പത്തിക, സാധ്യതാ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിനു സർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഫെബ്രുവരി 2008-ൽ കേന്ദ്രസർക്കാർ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് (D.P.R) ഏപ്രിൽ 2012 നും റൺവേ ഡിസൈൻ, ഡ്രോയിങ്ങ്സ്, ടെണ്ടർ ഡോകുമെന്റ്സ് എന്നിവ 2012 ആഗസ്റ്റ് മാസത്തിലും ബാക്കി യുള്ള എല്ലാ റിപ്പോർട്ടുകളും രേഖകളും ഒക്ടോബർ 2012 നു |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്നതിന് കൺസൾട്ടൻസി ഏറ്റെടുത്ത സിയാൽ സമ്മതിച്ചിട്ടുണ്ട്. |
| (ജി) | പ്രാരംഭ നിർമ്മാണപ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നും, റൺവേ നിർമ്മാണം എപ്പോൾ ടെൻഡർ ചെയ്യുമെന്നും വ്യക്തമാക്കുമോ? | (ജി) | വിമാനത്താവളത്തിന്റെ ഡിസൈൻ, എസ്റ്റിമേറ്റ്, ടെണ്ടർ ഡോകുമെന്റ്സ് മുതലായവ സിയാലിൽ നിന്ന് ലഭ്യമായി കഴിഞ്ഞാൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി ടെണ്ടർ വിളിക്കുന്നതും അതനുസരിച്ചു നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം തുടങ്ങുന്നതുമായിരിക്കും. |

സെക്ഷൻ ഓഫീസർ